Page 1 of 1

ഈ പ്രസ്താവന. അതിനുപരി ഞാൻ ഒന്നും കാണുന്നില്ല. എന്റെ പൊതുജീവിതം ഒരു തുറന്ന പുസ്തകമാണ്. ആർക്കും വായിക്കാവുന്ന ഒരു തുറന്ന പുസ്തകം. അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ച് തേജോവധം ചെയ്യാനുള്ള ശ്രമം വിലപ്പോകുകയില്ലെന്ന് മാത്രമെ ഞാൻ ഇപ്പോൾ പറയുന്നുള്ളു. മലർന്ന്കിടന്ന് മേലോട്ട് തുപ്പുന്നത് നല്ലതല്ലാ യെന്ന് ഞാൻ ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

ശ്രീ. പി. ജെ. ജോസഫ് : സർ, ഒരു പേഴ്സണൽ എക്സ്പ്ലനേഷന് ഒരു മിനിട്ട് സമയം അനുവദിക്കണം.

മി. സ്പീക്കർ : ഓർഡർ ഓർഡർ. ശ്രീ. ജോസഫ് ദയവായി ഇരിക്കണം. നേരത്തെ ആ പ്രശ്നം ഉന്നയിക്കുകയും ചെയർ അതിന് മറുപടി പറയു കയും ശ്രീ. ജോസഫ് അത് അംഗീകരിച്ച് സഭാനടപടികളിൽ സഹകരി ക്കുകയും ചെയ്തു. ഇപ്പോൾത്തന്നെ സമയം വളരെ അതിക്രമിച്ചുവെന്ന് പരാതിയുണ്ട്. ആ സന്ദർഭത്തിൽ ശ്രീ. ജോസഫിനെപ്പോലെയുള്ള ഒരു നേതാവ് ഇതുപോലെയൊരു പ്രശ്നം ഉന്നയിക്കരുത് എന്ന് അഭ്യർത്ഥന യുണ്ട്. എത്ര മിനിട്ട് എടുക്കുന്നു എന്നതല്ല പ്രശ്നം. ശ്രീ. ജോസഫ് നേരത്തെ ഈ പ്രശ്നം ഉന്നയിച്ചു. എന്തുകൊണ്ട് അനുവദിക്കുന്നില്ലാ എന്ന് ചെയറിൽനിന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആകെ പത്തു മിനിട്ട് സമയമെടുത്തു, അതിനും പുറമെ അഞ്ചു മിനിട്ടുകൂടി അനുവദിച്ചു. അതിനുമുമ്പ് ബഹുമാനപ്പെട്ട ലൂക്കോസ് ഈ സഭയിൽ പരാമർശിച്ച് സംസാരിക്കുകയുണ്ടായി. അതിന് മറുപടി പറയാതെ ഈ സഭയിൽ ഇങ്ങനെ ഒരു കീഴ്വഴക്കം ഉണ്ടാക്കുന്നത് അഭിലഷണീയമല്ല. അനുവദിക്കാൻ പററുകയില്ല. ഈ കാര്യത്തെ സംബന്ധിച്ച് വളരെ വ്യക്തമായി ചെയറിൽ നിന്ന് പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ : ഇന്നലെ ബഹുമാനപ്പെട്ട മാണിക്ക് പേഴ്സ ണൽ എക്സ്പ്ലനേഷന് സമയം കൊടുത്തു. മന്ത്രിയുടെ സ്ഥാനം ഉണ്ട്. ഇന്ന് മാണി വീണ്ടും സംസാരിച്ചപ്പോൾ ശ്രീ. ജോസഫിന് പേഴ്സണൽ എക്സ്പ്ലനേഷന് സമയം കൊടുക്കാത്തത്......

മി. സ്പീക്കർ : അതല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടി ക്കാണിച്ചത് ഞാൻ ശ്രദ്ധിച്ചു. ബഹുമാനപ്പെട്ട ശ്രീ. മാണി യാതൊരു പരാ മർശവും ശ്രീ. ജോസഫിനെക്കുറിച്ച് പറഞ്ഞിട്ടില്ല. അങ്ങനെയായിരുന്നുവെ ങ്കിൽ തീർച്ചയായും പേഴ്സണൽ എക്സ്പ്ലനേഷന് സമയം വേണ്ടിവരു മായിരുന്നു.

ശ്രീ. പി. ജെ. ജോസഫ് : സർ, നീതി നിഷേധിക്കുകയാണ്.

മി. സ്പീക്കർ : ഒരു മെമ്പർക്കും നീതി നിഷേധിക്കുകയില്ല.

ശ്രീ. ഒ. ലൂക്കോസ് : സർ, ഞാൻ സംസാരിച്ചതിനുശേഷമാണ് ശ്രീ. ജോസഫ് സംസാരിച്ചത്. പറയാനുള്ളത് പറയാമായിരുന്നു.

ശ്രീ. പി. ജെ. ജോസഫ് : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സർ, ഇവിടെ ഈ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ ശ്രീ. ഒ. ലൂക്കോസ് എഴു ന്നേററുനിന്ന് ഞാൻ ഉന്നയിച്ച ആരോപണങ്ങൾ ശ്രീ. പി. ജെ. ജോസഫ് സ്ഥിതിക്ക് എനിക്ക് ഒരു നിഷേധിച്ചിട്ടില്ല എന്ന് വീണ്ടും പറഞ്ഞ പേഴ്സണൽ എക്സ്പ്ലനേഷന് സമയം ഇവിടെ എല്ലാവർക്കും അനുവദിക്കു ന്നതുപോലെ തരേണ്ടതല്ലേ ? അങ്ങ് അങ്ങനെ തരാതെയിരിക്കുന്നത് ശരിയല്ല എന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly